ഖുത്ബ
10.3.2006
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# ഇസ്ലാം സമാധാനത്തിന്റെ മതം

**ബ**ലാൽക്കാരപൂർവ്വം മതം അടിച്ചേല്പിക്കുന്ന ആളായിരുന്നു നഊദുബില്ലാഹ് മുഹമ്മദ് നബി(സ) എന്ന് അമുസ്ലിംകൾ ആക്ഷേപിക്കുന്നു. മതപരമായ സഹിഷ്ണുതയുടേയും സഹനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ചിന്തപോലും ഇസ്ലാമിലില്ലെന്നും ഈ പാഠം കാരണത്താൽ ഇന്ന് അത്തരം ചിന്താഗതികൾ മുസ്ലിംകളുടെ പ്രകൃതിയായിത്തീർന്നിരിക്കുകയാണെന്നും അവർ പറയുന്നു. ഇതു സംബന്ധമായി ഇതിനു മുമ്പും ഞാൻ പല പ്രാവശ്യം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്, നിർഭാഗ്യവശാൽ മുസ്ലിംകളിലെ ചില കക്ഷികളുടെ അല്ലെങ്കിൽ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇത്തരം ചിന്താഗതികൾ വെച്ചുപുലർത്തുന്ന അമുസ്ലിംകളുടെ വിശ്വാസത്തിന് ശക്തി പകരുകയാണ്. ഇവരുടെ ഈ ചിന്താഗതിയും പ്രവർത്തനവും അമുസ്ലിം ലോകത്ത് പ്രത്യേകിച്ച് പാശ്ചാത്യലോകത്ത് നമ്മുടെ പ്രിയപ്പെട്ട യജമാനരായ ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെക്കുറിച്ച് നിരർത്ഥവും അനാവശ്യവും അങ്ങേയറ്റം നിന്ദ്യവുമായ തെറ്റുധാരണയുണ്ടാക്കിത്തീർത്തിരിക്കുന്നു. ചില സംഘങ്ങളുടേയും കക്ഷികളുടേയും പ്രവർത്തനം തികച്ചും ഇസ്ലാമികവിരുദ്ധമാണെന്ന് നമുക്കറിയാം. ഇസ്ലാമികാദ്ധ്യാപനം മനോഹരമായ അദ്ധ്യാപനമാണ്. നിഷ്പക്ഷമതികളായവർക്ക് അതിന്റെ സൗന്ദര്യം അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല. വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും ഇസ്ലാമിന്റെ ഈ മനോഹരമായ അദ്ധ്യാപനങ്ങളെക്കുറിച്ചുള്ള വിവരണം ലഭിക്കുന്നുണ്ട്. അമുസ്ലിംകളോടു നല്ല നിലയിൽ പെരുമാറേണ്ടതിനെക്കുറിച്ചും, അവരോടുള്ള കടമ നിറവേറ്റേണ്ടതിനെക്കുറിച്ചും അവരോട് നീതിപൂർവ്വം പെരുമാറേണ്ടതിനെക്കുറിച്ചും, അവരുടെ മതത്തിൽ ഒരുതരത്തിലുള്ള ബലാൽക്കാരവും പാടില്ല എന്നതിനെക്കുറിച്ചുമൊക്കെ, ഒരുപാട് കല്പനകളുണ്ട്. എന്നാൽ, ചില ഘട്ടങ്ങളിൽ യുദ്ധം ചെയ്യാനും അനുമതി നല്കിയിട്ടുണ്ട്. പക്ഷേ, ശത്രുസമൂഹം അതിരു കടന്ന് പ്രവർത്തിക്കുകയും ഉടമ്പടികൾ ലംഘിക്കുകയും അനീതി കാണിക്കുകയും അക്രമങ്ങൾ അതിരുകടക്കുകയും ചെയ്യുമ്പോഴാണ് അത് ചെയ്യേണ്ടത്. എന്നാൽ, ഇത് ഏതെങ്കിലും ഗ്രൂപ്പുകാർക്കോ ജമാഅത്തുകാർക്കോ ചെയ്യാൻ അനുവാദമില്ല. മറിച്ച്, ഇത് ചെയ്യേണ്ടത് ഭരണകൂടമാണ്. എന്തു ചെയ്യണമെന്നും എങ്ങനെ ഈ അക്രമത്തെ അവസാനിപ്പിക്കണമെന്നും തീരുമാനിക്കേണ്ടത് സർക്കാരാണ്. അല്ലാതെ ഏതെങ്കിലും ജിഹാദീ സംഘടന എഴുന്നേറ്റ് ഈ പ്രവൃത്തി ചെയ്യാൻ പാടില്ല.

നബി(സ) തിരുമേനിയുടെ കാലത്തും യുദ്ധങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ ശത്രുപക്ഷത്തുനിന്നും ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. അതിൽ നിർബന്ധിതരായിക്കൊണ്ട് മുസ്ലിംകൾക്ക് യുദ്ധം ചെയ്യേണ്ടിയും വന്നു. എന്നാൽ, ഞാൻ പറഞ്ഞതുപോലെ ഇക്കാലത്തെ ജിഹാദീ സംഘടനകൾ, അനുവദനീയമായ നിയന്ത്രണമോ പാരമ്പര്യമോ കൂടാതെ തങ്ങളുടെ മുദ്രാവാക്യങ്ങളും പ്രവൃത്തികളും കൊണ്ട് ശത്രുക്കൾക്ക് ആക്ഷേപിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. അതിന്റെ ഫലമായി അവർ നിർലജ്ജം പരിശുദ്ധ നബിയുടെ മേൽ നിരർത്ഥമായ ആക്രമണം നടത്തുന്നു. എന്നാൽ, അടിമുടി കാരുണ്യം നിറഞ്ഞയാളും മനുഷ്യകുലത്തിന്റെ ഉപകാരിയും മനുഷ്യാവകാശത്തിന്റെ മഹത്തായ സൂക്ഷിപ്പുകാരനുമായ നബി(സ) യുദ്ധാവസരത്തിൽപോലും, ശത്രുക്കൾക്ക് ആക്ഷേപിക്കാനുള്ള ഇടം നല്കിയിരുന്നില്ല എന്നതാണ് വാസ്തവം. അവിടത്തെ ജീവിതത്തിലെ ഓരോ കർമ്മവും ഓരോ പ്രവൃത്തിയും അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും, അവിടന്ന് കാരുണ്യത്തിന്റെ പ്രതീകമായിരുന്നു എന്നതിന് സാക്ഷിയാണ്. അവിടത്തെ ഹൃദയത്തിൽ തുടിച്ചുകൊണ്ടിരുന്ന കാരുണ്യത്തിന്റെ ഒരംശംപോലും മറ്റു ഹൃദയങ്ങളിൽ കാണുകയില്ല. സമാധാനാവസ്ഥയിലും യുദ്ധവേളയിലും വീട്ടിലും വെളിയിലും നിത്യജീവിതത്തിലും മറ്റു മതങ്ങളുമായിട്ടുള്ള ഇടപാടുകളിലും അവിടന്ന് ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും മതസഹിഷ്ണുതയുടേയും ഉദാത്തമായ മാതൃക സ്ഥാപിച്ചിരുന്നു.

വിജയശ്രീലാളിതനായി അവിടന്ന് മക്കയിൽ പ്രവേശിച്ചപ്പോൾ, പരാജയമടഞ്ഞ ജനതയോടു ദയയോടുകൂടി പെരുമാറിയതിനോടൊപ്പം മതസ്വാത

ന്ത്ര്യവും നല്കി. വിശുദ്ധഖുർആനിലെ ***ലാ ഇക്റാഹ ഫിദ്ദീൻ***- മതപരമായ കാര്യങ്ങളിൽ നിർബന്ധമില്ല- എന്ന കല്പനയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഉദാത്തമായ മാതൃക കാണിച്ചു. പറഞ്ഞു: മതം എന്നത് നിങ്ങളുടെ ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണ്. സത്യമായ മതം നിങ്ങൾ സ്വീകരിക്കണമെന്നും അങ്ങനെ ഇഹലോകവും പരലോകവും നിങ്ങൾ പ്രാപിക്കണമെന്നും, നിങ്ങളുടെ പൊറുക്കലിനുള്ള സാഹചര്യങ്ങൾ നിങ്ങൾ ഒരുക്കണമെന്നും എനിക്കാഗ്രഹമുണ്ട്. പക്ഷേ, ഇതിൽ ഒരു നിർബന്ധവുമില്ല. അവിടത്തെ ജീവിതം സഹിഷ്ണുതയുടേയും മതസ്വാതന്ത്ര്യത്തിന്റേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും തെളിമയാർന്ന ഉദാഹരണങ്ങൾകൊണ്ട് നിറഞ്ഞുകിടക്കുന്നു. അവയിൽ ചിലതിനെക്കുറിച്ച് ഞാൻ പറയാം.

നുബുവ്വത്ത് വാദത്തിനുശേഷമുള്ള അവിടത്തെ 13 വർഷക്കാലത്തെ മക്കജീവിതം ആരാണ് അറിയാത്തത്. അതെത്രമാത്രം കാഠിന്യമേറിയതും ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായിരുന്നു. അവിടന്നും അവിടത്തെ സ്വഹാബിമാരും (രിള്വാനുല്ലാഹി അലയ്ഹിം) എത്രയധികം ദുഃഖവും പീഡനവും സഹിച്ചിരുന്നു. നട്ടുച്ചനേരത്ത് ചുട്ടുപഴുത്ത മണലിൽ അവരെ കിടത്തി. ചുട്ടുപൊള്ളുന്ന കരിങ്കല്ലുകൾ അവരുടെ നെഞ്ചിലെടുത്തുവെച്ചു. അവരെ ചാട്ടവാർ കൊണ്ടടിച്ചു. സ്ത്രീകളുടെ കാലുകൾ ഇരുഭാഗത്തേക്കും വലിച്ച് പിളർത്തി ശഹീദാക്കി. നബി(സ)ക്കെതിരിൽ വിവിധരീതിയിലുള്ള അക്രമം അഴിച്ചുവിട്ടു. സുജൂദിലായിരിക്കുമ്പോൾ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്ന് പിടലിയിൽ വെച്ചു. അതുകൊണ്ട് അദ്ദേഹത്തിന് തലയുയർത്താൻ കഴിഞ്ഞിരുന്നില്ല. ത്വായിഫിൽനിന്ന് ഓടിവരുമ്പോൾ കുട്ടികൾ കല്ലെറിഞ്ഞു. ചീത്തവിളിക്കുകയും തെറി പറയുകയും ചെയ്തു. അവരുടെ നേതാക്കന്മാർ ഇതെല്ലാം കണ്ട് നോക്കിനില്ക്കുകയും അതിനെ പ്രേരിപ്പിക്കുകയും ചെയ്തു. ആ പരിശുദ്ധമേനിയിൽനിന്നും രക്തം വാർന്നൊലിച്ചു.

ശഅ്ബ് അബീത്വാലിബിലെ സംഭവവും നമുക്കറിയാം. നബി(സ)യേയും അവിടത്തെ കുടുംബത്തേയും വിശ്വാസികളേയും വർഷങ്ങളോളം പന്തിവിരോധം ചെയ്തു. കഴിക്കാൻപോലും അവർക്കൊന്നും കിട്ടിയിരുന്നില്ല. കുടിക്കാനും ഒന്നുമുണ്ടായിരുന്നില്ല. കുട്ടികളും വിശപ്പും ദാഹവും കൊണ്ട് പിടയ്ക്കുമായിരുന്നു. തന്റെ കാലിൽ തട്ടിയ ഏതോ മാർദ്ദവമുള്ള സാധനം, വിശപ്പിന്റെ കാഠിന്യത്താൽ തന്റെ വായിലിട്ട് ഇറക്കിയ ഒരു സ്വഹാബിയുടെ സംഭവവും ഉണ്ടായിട്ടുണ്ട്. ഇതായിരുന്നു അക്കാലത്തെ അവസ്ഥ.

ഈ അവസ്ഥകൾ കാരണം പിന്നീട് ഹിജ്റത്ത് ചെയ്യേണ്ടതായിവന്നു. അങ്ങനെ ഹിജ്റത്ത് ചെയ്ത് മദീനയിലെത്തി. അവിടേയും ശത്രുക്കൾ പിന്മാറിയില്ല. അവർ ആക്രമണം നടത്തി. മദീനാവാസികളായ യഹൂദികളെ നബി(സ)യ്ക്കെതിരിൽ ഇളക്കിവിടാൻ ശ്രമിച്ചു. ഞാൻ വളരെ സംക്ഷിപ്തമായി പറഞ്ഞ ഈ അവസ്ഥകൾ വെച്ചുനോക്കുമ്പോൾ, അതിനെയെല്ലാം പ്രതിരോധിക്കാനുള്ള അവകാശം ആർക്കുമുണ്ടെന്ന് ആരും സമ്മതിക്കും. എന്നാൽ, ആ അവസ്ഥയിലും നമ്മുടെ നബി (സ) മൃദുനയമാണ് സ്വീകരിച്ചത്. ഇങ്ങനെ എല്ലാ രീതിയിലും അവിടന്ന് പീഡനങ്ങൾ സഹിച്ചു. തന്നെക്കാൾ കൂടുതൽ വിഷമം തന്നെ വിശ്വസിക്കുന്നവർ സഹിക്കുന്ന പീഡനങ്ങളെക്കുറിച്ചായിരുന്നു. എന്നിട്ടും ഇസ്‌ലാമികാദ്ധ്യാപനം അവിടന്ന് മുറുകെ പിടിക്കുകയാണ് ചെയ്തത്. തന്റെ സ്വഭാവത്തിന്റെ ഭാഗമായിത്തീർന്നിരുന്ന ധാർമ്മികത ലംഘിക്കാൻ അവിടന്ന് തയ്യാറായില്ല. ചില പാശ്ചാത്യരാഷ്ട്രങ്ങൾ യുദ്ധങ്ങളിൽ എന്തൊക്കെയാണ് ചെയ്യാത്തത്. എന്നാൽ, നബി(സ) തിരുമേനിയുടെ മാതൃക നോക്കുക. നിവേദനങ്ങളിൽനിന്ന് നമുക്കത് ലഭിക്കുന്നുണ്ട്.

ബദ്ർ യുദ്ധാവസരത്തിൽ ഇസ്‌ലാമിക സൈന്യം തമ്പടിച്ചിരുന്ന സ്ഥലം നല്ലതല്ലായിരുന്നു. അപ്പോൾ, നമ്മൾ തമ്പടിച്ചിട്ടുള്ള ഈ സ്ഥലം തിരഞ്ഞെടുത്തത് അല്ലാഹുവിന്റെ വെളിപ്പാടനുസരിച്ചാണോ അതോ സ്വയം ഇഷ്ടപ്പെട്ടാണോ എന്ന് ഹബ്ബാബ്ബിൻ മുൻദിർ(റ) നബി(സ)യോടു ചോദിച്ചു. എനിക്കീസ്ഥലം നല്ലതാണെന്ന് തോന്നി തിരഞ്ഞെടുത്തതാണെന്ന് നബി(സ) പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഈ സ്ഥലം എന്റെ നോട്ടത്തിൽ നല്ലതല്ല. അങ്ങ് ഇവരുമായി മുന്നോട്ടുനീങ്ങി വെള്ളത്തിന്റെ ഉറവുള്ളിടം കൈക്കലാക്കുക. അവിടെ ഒരു ഹൗള് ഉണ്ടാക്കിയതിനുശേഷം യുദ്ധം തുടങ്ങാം. എങ്കിൽ മാത്രമേ നമുക്ക് കുടിക്കാൻ വെള്ളം കിട്ടുകയുള്ളൂ. ഇല്ലെങ്കിൽ അവർ നമുക്ക് കുടിക്കാൻ വെള്ളം തരില്ല. നബി(സ) ആ അഭിപ്രായത്തോടു യോജിച്ചുകൊണ്ട് മുന്നോട്ടുനീങ്ങാൻ സൈന്യത്തോടു പറഞ്ഞു. അങ്ങനെ ആ സ്ഥലത്തുപോയി തമ്പടിച്ചു. കുറച്ചുകഴിഞ്ഞശേഷം ഖുറയ്ശികളിലെ ചിലർ വെള്ളം കോരാൻ ഹൗളിന്നടുത്ത് വന്നു. സ്വഹാബത്ത് അവരെ തടയാൻ ശ്രമിച്ചു. നബി(സ) പറഞ്ഞു. അവരെ തടയരുത്. വെള്ളം കൊണ്ടുപോ

കാൻ അവരെ അനുവദിക്കുക.

ഇതാണ് നബി(സ) തിരുമേനിയുടെ ഉദാത്തമായ മാതൃക. അതിന് കുറച്ചുനാൾ മുമ്പാണ് മുസ്‌ലിം കുട്ടികളുടെ വെള്ളവും ആഹാരവും ഈ ശത്രുക്കൾ മുടക്കിയത്. എന്നാൽ അവിടന്ന്, വെള്ളം മുടക്കരുതെന്ന് പറഞ്ഞുകൊണ്ട് ശത്രുസൈന്യത്തിലെ പട്ടാളക്കാർക്ക് തന്റെ നിയന്ത്രണത്തിലുള്ള പുഴയിൽനിന്ന് വെള്ളം കൊണ്ടുപോകാൻ അനുവാദം നല്കുന്നു. കാരണം വെള്ളം തടയുക എന്നത് തരംതാണ സ്വഭാവമാണ്. ഇസ്‌ലാമിന്റെ മേൽ ഉന്നയിക്കപ്പെടുന്ന ഏറ്റവും വലിയ ആക്ഷേപം അത് വാൾബലംകൊണ്ട് പരന്നുവെന്നതാണ്. വെള്ളം കോരാൻ വന്ന ഈ ശത്രുക്കളോടു ബലാൽക്കാരം ചെയ്യാമായിരുന്നു. വെള്ളമെടുക്കണമെങ്കിൽ ഞങ്ങൾ പറയുന്നത് കേൾക്കണമെന്ന് പറയാമായിരുന്നു. അവിശ്വാസികളാണെങ്കിൽ പലപ്പോഴും ഇത്തരം കാര്യങ്ങൾ ചെയ്തിട്ടുമുണ്ട്. എന്നാൽ അവിടന്ന് അങ്ങനെ ചെയ്തില്ല. മുസ്‌ലിംകൾ ബലഹീനരായിരുന്ന കാലത്ത് യുദ്ധങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തതെന്ന് വേണമെങ്കിൽ പറയാം. എന്നാൽ, ഇത് തികച്ചും തെറ്റായ കാര്യമാണ്. മക്കയിലെ അവിശ്വാസികൾ മുസ്‌ലിംകളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവരാണെന്ന് ഓരോ മുസ്‌ലിം കുട്ടിക്കും അറിയാമായിരുന്നു. മുസ്‌ലിംകളെ കാണുമ്പോൾ അവരുടെ കണ്ണിൽ ചോര തിളയ്ക്കുമായിരുന്നു. അതുകൊണ്ട് അവരിൽനിന്ന് അനുകൂല സമീപനം ഉണ്ടാകുമെന്ന ധാരണ ആർക്കും ഇല്ലായിരുന്നു. അവിടന്ന് തികച്ചും അനുകമ്പയോടെ ഇതൊക്കെ ചെയ്തത് മനുഷ്യന്റെ വില മനസ്സിലാക്കിയതുകൊണ്ടായിരുന്നു. കാരണം ഈ വില തിരിച്ചറിയാനുള്ള പാഠം നല്കേണ്ടിയിരുന്നതും അവിടന്നുതന്നെയായിരുന്നു.

ഒരിക്കൽ ഇസ്‌ലാമിന്റെ ഒരു ശത്രുവിനെ വധിക്കാനുള്ള വിധി പുറപ്പെടുവിച്ചുകഴിഞ്ഞിരുന്നതാണ്. പക്ഷേ, അവിടന്ന് അയാൾക്ക് മാപ്പു നല്കിയെന്നു മാത്രമല്ല, മുസ്‌ലിംകളുടെ ഇടയിൽ താമസിച്ചുകൊണ്ട് തന്റെ മതവിശ്വാസമനുസരിച്ച് ജീവിക്കാൻ അനുവാദവും നല്കി. ആ സംഭവം ഇങ്ങനെയാണ്. അബൂജഹ്‌ലിന്റെ മകനായ ഇക്‌രിമ തന്റെ പിതാവിനെപ്പോലെ ജീവിതത്തിന്റെ സിംഹഭാഗവും ഇസ്‌ലാമിന്നെതിരിൽ യുദ്ധം ചെയ്ത് കഴിച്ചുകൂട്ടി. മക്ക വിജയത്തിന്റെ അവസരത്തിൽ നബി(സ) സകലർക്കും മാപ്പുകൊടുത്തിട്ടും ഒരു സൈന്യത്തിനുമേൽ ഇയാൾ ആക്രമണം നടത്തി. അങ്ങനെ ഹറമിൽ രക്തമൊഴുകാൻ അത് കാരണമായി. യുദ്ധപരമായ ഈ കുറ്റം കാരണം അയാൾക്കെതിരിൽ വധശിക്ഷ വിധിക്കപ്പെട്ടു. മുസ്‌ലിംകളുടെ മുമ്പിൽ അയാൾക്ക് നിൽക്കക്കള്ളിയില്ലാതായി. അതുകൊണ്ട് മക്കാവിജയത്തിനു ശേഷം ജീവരക്ഷാർത്ഥം അയാൾ യമനിലേക്ക് ഒളിച്ചോടി. അയാളുടെ ഭാര്യ നബി(സ) തിരുമേനിയുടെയടുക്കൽ വന്ന് അയാൾക്കുവേണ്ടി മാപ്പു ചോദിച്ചു. നബി(സ) തിരുമേനി വലിയ അനുകമ്പയോടുകൂടി അയാൾക്ക് മാപ്പുകൊടുത്തു. അവർ തന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ വേണ്ടി പുറപ്പെട്ടു. പക്ഷേ, നബി(സ) മാപ്പുകൊടുത്തത് ഇക്‌രിമയ്ക്ക് വിശ്വാസം വന്നില്ല. കാരണം താൻ ഒരുപാട് അക്രമം ചെയ്തിട്ടുണ്ടെന്നും നിരവധി മുസ്‌ലിംകളെ കൊന്നിട്ടുണ്ടെന്നും അവസാന ദിവസംവരെ യുദ്ധം ചെയ്തിരുന്നുവെന്നുമൊക്കെ അദ്ദേഹത്തിന് നന്നായിട്ടറിയാമായിരുന്നു. അങ്ങനെയുള്ള തനിക്ക് എങ്ങനെ മാപ്പുലഭിക്കാനാണ്. എന്തായാലും എങ്ങനെയൊക്കെയോ പറഞ്ഞു മനസ്സിലാക്കി തന്റെ ഭർത്താവിനെ അവർ തിരിച്ചുകൊണ്ടുവന്നു. അങ്ങനെ അയാൾ നബി(സ)ന്റെ ദർബാറിൽ ഹാജരായി. തന്റെ ഭാര്യ പറഞ്ഞകാര്യം സ്ഥിരീകരിച്ചു. അദ്ദേഹം വന്നപ്പോൾ അത്ഭുതപ്പെടുത്തുംവിധമായിരുന്നു നബി(സ) അദ്ദേഹത്തോടു പെരുമാറിയിരുന്നത്. ശത്രുസമൂഹത്തിന്റെ നേതാവെന്നനിലയിൽ അദ്ദേഹത്തെ ആദരിക്കാൻ നബി(സ) എഴുന്നേറ്റുനിന്നു. ഇക്‌രിമ ചോദിച്ചപ്പോൾ താൻ പൊറുത്തുതന്നിരിക്കുകയാണെന്ന് നബി(സ) പറഞ്ഞു. എന്റെ മതത്തിൽതന്നെ എനിക്ക് തുടരാനുള്ള അനുമതിയോടെയാണോ മാപ്പ് തന്നിരിക്കുന്നതെന്ന് ഇക്‌രിമ ചോദിച്ചു. അപ്പോൾ അദ്ദേഹം മുസ്‌ലിം ആയിരുന്നില്ല. ചോദിച്ചു, എന്റെ ശിർക്കിന്റെ അവസ്ഥയിൽതന്നെയാണോ എനിക്ക് മാപ്പു തന്നിട്ടുള്ളത്; പൊറുത്തു തന്നത്. അതേ, എന്ന് അവിടന്ന് പറഞ്ഞു. അപ്പോൾ ഇക്‌രിമായുടെ നെഞ്ചകം ഇസ്‌ലാമിന്നായി തുറക്കപ്പെട്ടു. അനിയന്ത്രിതമായി അദ്ദേഹം പറഞ്ഞു. ഏ! മുഹമ്മദ്(സ) അങ്ങ് തീർച്ചയായും അങ്ങേയറ്റം ദയാലുവും ഉപകാരിയും രക്തബന്ധം നിലനിർത്തുന്നയാളുമാണ്. നബി(സ)യുടെ ഉദാത്തമായ ഈ ധാർമ്മികഗുണത്തിന്റെ ദിവ്യാത്ഭുതം കണ്ടിട്ട് ഇക്‌രിമ മുസൽമാനായി.

ഇങ്ങനെയാണ് ഇസ്‌ലാം പരന്നത്; അതായത് മനോഹരമായ സ്വഭാവ വൈശിഷ്ട്യത്താൽ. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും മതസ്വാതന്ത്ര്യത്തിന്റേയും അനുമതിയോടുകൂടി. ഈ മനോഹരമായ ധാർമ്മികഗുണത്തിന്റേയും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റേയും അമ്പ് ഒരു മിനിറ്റിനുള്ളിൽ ഇക്‌രിമയെപോലുള്ള വ്യക്തിയെ മുറിവേല്പിച്ചു.

തടവുകാർക്കും അടിമകൾക്കും അവരിഷ്ടപ്പെടുന്ന മതം സ്വീകരിക്കാനും നബി(സ) തിരുമേനി അനുവാദം നല്കിയിരുന്നു. ഇസ്‌ലാംമതം സ്വീകരിക്കണമെന്ന് അതാഗ്രഹിക്കുന്നത് നിങ്ങൾക്ക് ദൈവ സാമീപ്യം അത് പ്രദാനം ചെയ്യുമെന്നതുകൊണ്ടാണ്. നിങ്ങളോടുള്ള ദയ കൊണ്ടാണ് ഇത് നിങ്ങളോടു ഞങ്ങൾ പറയുന്നത്. ഇത് സംബന്ധമായി ഒരു സംഭവം ഇങ്ങനെ കാണാം.

സഈദ് ബിൻ അബി സഈദ് വിവരിക്കുന്നു. ഹസ്‌റത്ത് അബൂഹുറയ്റ(റ) ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു. നബി(സ) തിരുമേനി നജ്ദിലേക്ക് പട്ടാളത്തെ അയച്ചു. ഹനീഫ ഗോത്രത്തിലെ ഒരാളെ തടവുകാരനായി അവർ കൊണ്ടുവന്നു. അയാളുടെ പേര് ഥുമാമ ബിൻ ഉഥ്ഥാൽ എന്നായിരുന്നു. മസ്ജിദ് നബ്‌വിയിലെ ഒരു തൂണിൽ സ്വഹാബത്ത് അയാളെ കെട്ടിയിട്ടു. നബി(സ) തിരുമേനി അയാളുടെയടുക്കൽ വന്നു. ഥുമാമ! എന്തെങ്കിലും നിനക്ക് കാര്യം ബോധിപ്പിക്കാനുണ്ടോ? നിന്നോട് ഞാൻ എങ്ങനെ പെരുമാറുമെന്നാണ് നീ ധരിക്കുന്നത്. അയാൾ പറഞ്ഞു. സദുദ്ദേശ്യമാണ് എനിക്കുള്ളത്. താങ്കൾ എന്നെ വധിക്കുകയാണെങ്കിൽ, ഒരു കൊലപാതകിയെയായിരിക്കും വധിക്കുന്നത്. താങ്കൾ എന്നെ സഹായിക്കുകയാണെങ്കിൽ, ഔദാര്യങ്ങളെ വിലമതിക്കുന്ന ഒരു വ്യക്തിയെയായിരിക്കും താങ്കൾ സഹായിക്കുന്നത്. താങ്കൾ ധനമാഗ്രഹിക്കുന്നെങ്കിൽ എത്ര വേണമെങ്കിലും എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. അങ്ങനെ അടുത്തദിവസം ഉദിച്ചുയർന്നു. നബി (സ) തിരുമേനി വീണ്ടും അയാളുടെയടുക്കൽ വന്നു. ചോദിച്ചു. ഥുമാമ, എന്താണ് നിന്റെ തീരുമാനം? ഥുമാമ പറഞ്ഞു: അത് ഞാൻ ഇന്നലെ പറഞ്ഞുകഴിഞ്ഞതാണ്. താങ്കൾ എന്ന സഹായിക്കുകയാണെങ്കിൽ ഔദാര്യങ്ങളെ വിലമതിക്കുന്ന ഒരു വ്യക്തിയെയായിരിക്കും താങ്കൾ സഹായിക്കുന്നത്. നബി(സ) അവിടെനിന്നും മടങ്ങിപ്പോയി. മൂന്നാം ദിവസം ഉദിച്ചുയർന്നു. വീണ്ടും അവിടന്ന് അയാളുടെയടുക്കൽ വന്നു. ഥുമാമ, എന്താണ് നിന്റെ തീരുമാനമെന്ന് വീണ്ടും അവിടന്ന് ചോദിച്ചു. അയാൾ പറഞ്ഞു. ഞാൻ പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു. നബി(സ) തിരുമേനി, അയാളെ മോചിപ്പിക്കാൻ കല്പിച്ചു. അങ്ങനെ ഥുമാമ മോചിതനായി. പിന്നീട് അയാൾ പള്ളിയുടെ അടുത്തുള്ള തോട്ടത്തിൽപോയി കുളിച്ചു. പള്ളിയിൽ വന്ന് ശഹാദത്ത് കലിമ ചൊല്ലി. പറഞ്ഞു: എ മുഹമ്മദ്(സ)! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങയുടെ മുഖത്തെയായിരുന്നു. ഇപ്പോൾ, അങ്ങയുടെ മുഖമാണ് എനിക്കേറ്റവും പ്രിയങ്കരമായിട്ടുള്ളത്. അല്ലാഹുവാണ! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങ് കൊണ്ടുവന്ന മതത്തെയായിരുന്നു. എന്നാലിപ്പോൾ, അങ്ങുകൊണ്ടുവന്ന മതമാണ് എനിക്ക് ഏറ്റവും പ്രിയങ്കരമായിട്ടുള്ളത്. അല്ലാഹുവാണ! ഞാൻ ഏറ്റവുമധികം വെറുത്തിരുന്നത് അങ്ങ് പാർക്കുന്ന ഈ പട്ടണത്തെയായിരുന്നു. എന്നാലിപ്പോൾ എനിക്കേറ്റവും പ്രിയങ്കരമായിട്ടുള്ളത് ഈ പട്ടണമാണ്. അങ്ങയുടെ കുതിരപ്പട്ടാളം എന്നെ പിടിച്ചു. ഞാൻ ഉംറ ചെയ്യാൻ ആഗ്രഹിക്കുമ്പോഴായിരുന്നു അത്. അങ്ങ്(സ) ഇതിനെക്കുറിച്ച് എന്താണ് പറയുന്നത്. നബി(സ) അദ്ദേഹത്തിന് സുവിശേഷം നല്കി. ഇസ്‌ലാം സ്വീകരിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചു. ഉംറ ചെയ്യാനും അല്ലാഹു അത് സ്വീകരിക്കുന്നതാണെന്നും പറയുകയും ചെയ്തു. അദ്ദേഹം മക്കയിലെത്തിയപ്പോൾ, നീ സാബിയായോ എന്ന് ആരോ ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഇല്ല. മറിച്ച് ഞാൻ മുഹമ്മദ് റസൂലുല്ലാഹ് (സ)യിൽ വിശ്വസിച്ചിരിക്കുന്നു. അല്ലാഹുവാണ! ഇനി യമാമയിൽനിന്ന് ഗോതമ്പിന്റെ ഒരു ധാന്യമണിപോലും നിങ്ങളുടെയടുക്കൽ എത്തുകയില്ല. ചിലയാളുകൾ അദ്ദേഹത്തെ പീഡിപ്പിക്കുകയും മർദ്ദിക്കുകയും ചെയ്തു. അപ്പോഴാണ് അദ്ദേഹം പറഞ്ഞത് ഒരു ധാന്യമണിപോലും ഇവിടേക്കു വരികയില്ലെന്ന്. നബി കരീം (സ)യിൽനിന്ന് അനുവാദം ലഭിക്കുന്നതുവരെ ധാന്യങ്ങൾ അയക്കുകയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം പോയി തന്റെ ജനതയോടു കാര്യങ്ങളെല്ലാം പറഞ്ഞു. അവിടെനിന്ന് ധാന്യങ്ങൾ വരുന്നത് നിലച്ചു. അങ്ങനെ വിഷമങ്ങൾ നേരിട്ടു.

അബൂസുഫ്‌യാൻ നബി(സ)യുടെ സന്നിധിയിൽ അപേക്ഷയുമായിട്ടെത്തി. ജനങ്ങൾ വിശന്നു ചാകുന്നുവെന്നും കരുണ ചെയ്യണമെന്നും അതിൽ പറഞ്ഞിരുന്നു. നിങ്ങൾ മുസ്‌ലിംകളാകുക, എങ്കിലെ ധാന്യങ്ങൾ കിട്ടൂ എന്ന് അവരോട് നബി(സ) പറഞ്ഞില്ല. മറിച്ച്, ഉടനെ സുമാമയ്ക്ക് നബി(സ) ധാന്യം അയക്കാൻ സന്ദേശമയച്ചു. ഇത് ശരിയല്ലെന്നും കുട്ടികളേയും വൃദ്ധരേയും പട്ടിണിക്കിട്ട് കൊല്ലുന്നത് ന്യായമല്ലെന്നും നബി(സ) സുമാമയോടു പറഞ്ഞു.

ഥുമാമയോടു, നീ ഞങ്ങളുടെ കീഴിലാണുള്ളത് അതുകൊണ്ട് മുസ്‌ലിമാകുക എന്നു നബി(സ) പറഞ്ഞില്ല. മൂന്നുദിവസംവരെ അദ്ദേഹവുമായി നബി(സ) സംസാരിച്ചു. നല്ലനിലയിൽ പെരുമാറി. അവസാനം സ്വതന്ത്രനാക്കി. ഥുമാമയും ഉൾക്കാഴ്ചയുള്ള വ്യക്തിയായിരുന്നു. ഈ സ്വാതന്ത്ര്യം കിട്ടിയുടനെ നബി(സ) തിരുമേനിയുടെ ശിഷ്യത്വത്തിൽ

കെട്ടിയിടാൻ അദ്ദേഹം സ്വയം തന്നെ സമർപ്പണം ചെയ്തു. അതിലാണ് തന്റെ ഭൗതികവും ആത്മീയ വുമായ നന്മയുള്ളതെന്ന് അദ്ദേഹം മനസ്സിലാക്കി.

നീ അടിമയാണെന്നും, എന്റെ കീഴിലാണെന്നും അതുകൊണ്ട് ഞാൻ പറയുന്നത് കേൾക്കണമെന്നും യഹൂദിഅടിമയോട് അവിടന്ന് പറഞ്ഞില്ല. അവ സാനം ആ യഹൂദി ഗുരുതരമായ രോഗത്തിന്നടിമ യായി. അപ്പോൾ അയാളുടെ പര്യവസാനം ശുഭമാ കണമെന്ന ചിന്തയായിരുന്നു നബി(സ)ക്ക്. ദൈവ ത്തിന്റെ അവസാന നിയമപ്രമാണത്തെ വിശ്വസി ക്കാതെ അയാൾ മരിക്കരുതെന്ന ആഗ്രഹമായിരുന്നു. മറിച്ച്, അതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് അയാൾ പോകണമെന്നായിരുന്നു അവിടന്ന് ആഗ്രഹഹിച്ചത്. അല്ലാഹു അയാൾക്ക് പൊറുത്തുകൊടുക്കുന്നതിനു വേണ്ടിയായിരുന്നു അത്. വളരെ സ്നേഹത്തോടെ ഇസ്ലാം സ്വീകരിക്കാൻ ആ യഹൂദി അടിമയോടു നബി(സ) പറഞ്ഞു. ആ സംഭവം ഹസ്റത്ത് അന സ്(റ) ഇങ്ങനെ നിവേദനം ചെയ്യുന്നു. നബി കരീം( സ)ന്റെ പരിചാരകനായിരുന്ന ഒരു യഹൂദിക്ക് സുഖ മില്ലാതെയായി. നബി(സ) അയാളെ കാണാൻവേണ്ടി പോയി. ഇസ്ലാം സ്വീകരിക്കുക എന്ന് അയാളോടു പറഞ്ഞു. മറ്റൊരു നിവേദനത്തിൽ അയാൾ തന്റെ മുതിർന്ന ആളുകളിലേക്ക് നോക്കിയെന്നുമുണ്ട്.

എന്തായാലും അവർ സമ്മതിച്ചിട്ടോ അല്ലെങ്കിൽ സ്വയം തീരുമാനമെടുത്തിട്ടോ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. അയാളുടെ ഈ ഇസ്ലാംമത സ്വീകരണം നബി(സ) തിരുമേനിയുടെ സൽപെരുമാറ്റത്തിന്റെ ഫലമായിരുന്നു. ഇസ്ലാം സത്യമതമാണെന്ന് നബി തിരുമേനിയുടെ ജീവിതം കണ്ട് അയാൾ മനസ്സിലാ ക്കി. അത് സ്വീകരിച്ചെങ്കിലേ രക്ഷയുള്ളൂ എന്ന് അയാൾ വിശ്വസിക്കുകയും ചെയ്തു. ഈ സ്വാത ന്ത്ര്യമാണ് നബി(സ) തിരുമേനി ലോകത്ത് നിലനാട്ടി യത്. ഇതിനു തുല്യമായതൊന്ന് ലോകത്തെങ്ങും കാണുകയില്ല. നബി(സ) തിരുമേനി പ്രവാചകത്വവാ ദത്തിനു മുമ്പേയും ആവിഷ്കാരസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും ജീവിതസ്വാതന്ത്ര്യത്തേയും ഇഷ്ടപ്പെട്ടിരുന്നു. അടിമത്വത്തെ വെറുക്കുകയും ചെയ്തിരുന്നു. ഹസ്റത്ത് ഖദീജ(റ) വിവാഹത്തിനു ശേഷം തന്റെ സ്വത്തുക്കളും അടിമകളേയുമെല്ലാം നബി(സ)ക്ക് നല്കി. അവിടന്ന് ഹസ്റത്ത് ഖദീദജ യോട് പറഞ്ഞു. ഇതെല്ലാം എനിക്ക് തരികയാണെ ങ്കിൽ എന്റെ ഇഷ്ടത്തിനനുസരിച്ച് ഞാൻ പ്രവർത്തി ക്കുന്നതാണ്. അതിനുവേണ്ടിതന്നെയാണ് തരുന്ന തെന്ന് ഹസ്റത്ത് ഖദീജ(റ) പറഞ്ഞു. എന്നാൽ, ഞാൻ അടിമകളെ മോചിപ്പിക്കുകയാണെന്ന് അവി ടന്ന് അറിയിച്ചു. ഹസ്റത്ത് ഖദീജ(റ) പറഞ്ഞു അങ്ങേയ്ക്ക് ഇഷ്ടമുള്ളത് ചെയ്യാം. ഞാൻ സകലതും അങ്ങേയ്ക്ക് തന്നുകഴിഞ്ഞു. ഇനി എനിക്കവയുടെ മേൽ ഒരധികാരവുമില്ല. ഇതെല്ലാം അങ്ങയുടേതാണ്. ആ സമയം തന്നെ അവിടന്ന് ഹസ്റത്ത് ഖദീജ(റ) യുടെ അടിമകളെ വിളിക്കുകയും ഇന്നുമുതൽ നിങ്ങ ളെല്ലാവരും സ്വതന്ത്രരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സ്വത്തിന്റെ അധികഭാഗവും ദരിദ്രർക്കിട യിൽ വിതരണം ചെയ്തു.

അവിടന്ന് മോചിപ്പിച്ച സ്വതന്ത്രരിൽ സയ്ദ് എന്ന പേരുകാരനുമുണ്ടായിരുന്നു. മറ്റു അടിമകളിൽ നിന്ന് തികച്ചും സമർത്ഥനായിരുന്നു അദ്ദേഹം. വലിയ ബുദ്ധിമാനുമായിരുന്നു. തനിക്ക് കിട്ടിയ സ്വാതന്ത്ര്യത്തേക്കാൾ ഗുണപ്രദം നബി(സ)യുടെ കീഴിൽതന്നെ കഴിയുന്നതാണെന്ന് അദ്ദേഹം മനസ്സി ലാക്കി. അദ്ദേഹം പറഞ്ഞു അങ്ങ് എന്നെ സ്വതന്ത്ര നാക്കിയെന്നത് ശരിതന്നെയാണ്. പക്ഷേ, ഞാൻ സ്വത ന്ത്രനാകാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അങ്ങയുടെ അടിമയായിത്തന്നെയിരിക്കാനാണ് ആഗ്രഹിക്കുന്ന ത്. അങ്ങനെ അദ്ദേഹം നബിയോടൊപ്പം ജീവിതം തുടർന്നു. സ്നേഹത്തിന്റെ ഈ ബന്ധം അങ്ങനെ മെല്ലെ മെല്ലെ വളർന്നുകൊണ്ടിരുന്നു. സയ്ദ് ഒരു സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. തിന്നും കുടിച്ചും കഴിഞ്ഞ കുടുംബക്കാരനായിരുന്നു. കൊള്ള ക്കാർ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി വിൽക്കു കയും അവസാനം ഹസ്റത്ത് ഖദീജയുടെ അടുക്കൽ എത്തിപ്പെടുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ മാതാപിതാക്കളും ബന്ധുക്കളും അദ്ദേഹത്തെ അന്വേ ഷിച്ച് നടക്കുകയായിരുന്നു. അവസാനം തങ്ങളുടെ മകൻ മക്കയിലുണ്ടെന്ന് അവരറിഞ്ഞു. അങ്ങനെ അവർ മക്കയിലെത്തി. നബി(സ)യുടെ അടുക്കൽ ഉണ്ടെന്ന് മനസ്സിലായപ്പോൾ അവരവിടെ വന്നു. എത്ര പണം വേണമെങ്കിലും തരാമെന്നും തങ്ങളുടെ മകനെ തിരിച്ചുതരണമെന്നും അവർ ആവശ്യപ്പെട്ടു. ഇവന്റെ ഉമ്മയാണെങ്കിൽ കരഞ്ഞുകരഞ്ഞ് അങ്ങേയറ്റം ക്ഷീണിച്ചിരിക്കുകയാണെന്നും അവരറിയിച്ചു. അവി ടന്ന് പറഞ്ഞു: ഞാൻ അവനെ നേരത്തെതന്നെ സ്വത ന്ത്രനാക്കിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവൻ നിങ്ങളുടെ കൂടെ വരുന്നെങ്കിൽ കൊണ്ടുപോ യ്ക്കൊള്ളുക. എനിക്കൊരു പൈസയും വേണ്ട. അപ്പോൾ, പിതാവ് വീട്ടിലേക്ക് പോകാമെന്ന് മകനോട് പറഞ്ഞു. എന്നാൽ, മകൻ പറഞ്ഞു: അങ്ങയെ എന്താ യാലും എനിക്ക് കാണാൻ ഭാഗ്യം കിട്ടി. അതുമതി. ഇനിയെപ്പോഴെങ്കിലും അവസരം കിട്ടിയാൽ ഉമ്മ യേയും കാണാം. പക്ഷേ, അങ്ങയോടൊപ്പം ഞാൻ

വരുന്നില്ല. ഞാൻ നബി(സ)യുടെ അടിമയായിക്കഴിഞ്ഞിരിക്കുകയാണ്. നബി(സ)യിൽനിന്ന് വേർപ്പെട്ടുനില്ക്കാൻ എനിക്ക് സാധിക്കുകയില്ല. നിങ്ങളെക്കാളേറെ ഞാൻ നബിതിരുമേനിയെ സ്നേഹിക്കുന്നു. സയ്ദിന്റെ പിതാവും അമ്മാവനുമൊക്കെ ഒരുപാട് നിർബന്ധിച്ചുവെങ്കിലും സയ്ദ് അതൊക്കെ നിഷേധിക്കുകയാണ് ചെയ്തത്. സയ്ദിന്റെ ഈ സ്നേഹം കണ്ടുകൊണ്ട് നബി(സ) തിരുമേനി പറഞ്ഞു: സയ്ദ് ആദ്യമേതന്നെ സ്വതന്ത്രനായിക്കഴിഞ്ഞിരുന്നു. എന്നാൽ, ഇന്നുമുതൽ അവൻ എന്റെ മകനാണ്. ഈയവസ്ഥ കണ്ടുകൊണ്ട് സയ്ദിന്റെ പിതാവും അമ്മാവനും വളരെ വിഷമത്തോടെ അവിടെനിന്നും മടങ്ങിപ്പോയി.

പ്രവാചകത്വ ലബ്ധിക്കുശേഷം നബി(സ) ന്റെ ഈ സ്വാതന്ത്ര്യത്തിന് കൂടുതൽ തിളക്കമുണ്ടായി. അടിമകൾക്ക് അവരുടെ അവകാശം നല്കുക. അതിനു കഴിയുന്നില്ലെങ്കിൽ അവരെ മോചിപ്പിക്കുക എന്നതുതന്നെയായിരുന്നു അവിടത്തെ തിരുഹൃദയത്തിൽ ഇറങ്ങിയ ശരീഅത്തിന്റേയും കല്പന.

നിവേദനത്തിൽ വന്നിരിക്കുന്നു. ഒരു സഹാബി തന്റെയൊരു അടിമയെ മർദ്ദിക്കുകയായിരുന്നു. നബി (സ) തിരുമേനി അത് കണ്ടപ്പോൾ കഠിനമായ ദ്വേഷം പ്രകടിപ്പിച്ചു. അതുകണ്ട സഹാബി ആ അടിമയെ മോചിപ്പിച്ചു. നബി(സ) തിരുമേനി പറഞ്ഞു നീ അവനെ മോചിപ്പിച്ചിരുന്നില്ലെങ്കിൽ അല്ലാഹുവിന്റെ കോപത്തിന് വിധേയമാകുമായിരുന്നു.

ഇതാണ് സ്വാതന്ത്ര്യം. മറ്റ് മതക്കാർക്ക് തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ളസ്വാതന്ത്ര്യവും നബി(സ) നല്കിയിരുന്നു. അതിനുള്ള ഒരു ഉദാഹരണവും കാണുക. മദീനയിൽ നബി(സ) തിരുമേനിയുടെ ഭരണകാലത്ത് ആ സ്വാതന്ത്ര്യത്തിന്റെ തെളിമയാർന്ന മാതൃക നമുക്ക് ലഭിക്കുന്നുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ ഹുറയ്റ (റ) നിവേദനം ചെയ്യുന്നു. രണ്ടാളുകൾ പരസ്പരം കലഹിക്കാൻ തുടങ്ങി. ഒരാൾ മുസൽമാനും മറ്റേയാൾ യഹൂദിയുമായിരുന്നു. മുസ്ലിം പറഞ്ഞു. അല്ലാഹുതആല മുഴുലോകത്തിനുമായി നബി (സ) തിരുമേനിയെ നബിയായി തിരഞ്ഞെടുത്തുകൊണ്ട് സകലശ്രേഷ്ഠതയും നബിക്ക് നല്കിയിരിക്കുന്നു. അപ്പോൾ യഹൂദി ആണയിട്ടു. മൂസാ(അ)ക്ക് മുഴുലോകത്തും വെച്ച് ഏറ്റവും കൂടുതൽ മഹാത്മ്യം നല്കിയ അല്ലാഹുവിനാണ! ഇത് കേട്ടപ്പോൾ മുസൽമാൻ കൈയുയർത്തി യഹൂദിയുടെ മുഖത്തടിച്ചു. യഹൂദി പരാതിയുമായി നബി(സ)യുടെ സന്നിധിയിലെത്തി. നബി(സ) മുസൽമാനെ ശകാരിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് മൂസായെക്കാൾ ശ്രേഷ്ഠത നിങ്ങൾ നല്കരുത്.

ഇതാണ് ആവിഷ്കാര സ്വാതന്ത്ര്യം. സ്വന്തം ഭരണം നടക്കുന്ന സ്ഥലത്താണ് ഇത് സംഭവിക്കുന്നത്. മദീനയിലെ യഹൂദികളും മറ്റുള്ളവരുമായി നല്ല അന്തരീക്ഷം നിലനിർത്തുന്നതിന് അവിടന്ന് അവരുമായി ഒരു ഉടമ്പടി ചെയ്തു. മുസ്ലിംകൾ ഭൂരിപക്ഷമായതുകൊണ്ടും മറ്റുള്ളവരുടെ പിന്തുണ ഉണ്ടായതുകൊണ്ടും ഭരണം നബി(സ)യുടെ കയ്യിലായിരുന്നു. പക്ഷേ, ഈ ഭൂരിപക്ഷ പിന്തുണയുടെ ഉദ്ദേശ്യം മറ്റുള്ളവരുടെ വികാരത്തെ അവഗണിക്കുക എന്നതായിരുന്നില്ല. അവിടന്ന് എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനാണെന്ന വിശുദ്ധഖുർആന്റെ സാക്ഷ്യമുണ്ടായിട്ടും സ്വന്തം മതത്തിൽപെട്ടയാളെ ശകാരിക്കുകയാണ് ചെയ്തത്. നിങ്ങൾ നിങ്ങളുടെ വഴക്കുകളിൽ നബിമാരെ വലിച്ചിഴയ്ക്കരുതെന്ന് അവിടന്ന് പറയുകയും ചെയ്തു. നിങ്ങളുടെ ദൃഷ്ടിയിൽ ഞാൻ എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാണെന്നത് ശരിതന്നെ. അല്ലാഹുവും അതിന് സാക്ഷ്യം പറയുന്നു. പക്ഷെ, നമ്മുടെ ഭരണത്തിനു കീഴിൽ ഈ രീതിയിൽ ഒരു മനുഷ്യന്റെ വികാരം വ്രണപ്പെടാൻ പാടില്ല. അതിന് ഞാനൊട്ട് അനുവദിക്കുകയുമില്ല. എന്നെ ആദരിക്കുന്നതിനുവേണ്ടി മറ്റു നബിമാരേയും നിങ്ങൾ ആദരിക്കേണ്ടതായി വരും. ഇതായിരുന്നു അവിടത്തെ നീതിയുടേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും നില. അത് സ്വന്തക്കാരിലും അന്യരിലും നിലനിർത്താൻ വേണ്ടിയാണ് അവിടന്ന് പരിശ്രമിച്ചത്. എന്നല്ല ചില സന്ദർഭങ്ങളിൽ അന്യരുടെ വികാരങ്ങളെ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

അബ്ദുർറഹ്മാൻ ബിൻ അബീ ലയ്ല(റ) പറയുന്നു. സഹൽബിൻ ഹുനൈഫും കയ്ഫ് ബിൻ സഅ്ദും കാഥിയ എന്ന സ്ഥലത്തിരിക്കുകയായിരുന്നു. അവരുടെ അടുത്തുകൂടെ ഒരു ജനാസ കൊണ്ടുപോയി. അവർ രണ്ടുപേരും എഴുന്നേറ്റുനിന്നു. ദിമ്മികളിൽപെട്ട ഒരാളുടെ ജനാസയാണിതെന്ന് പറയപ്പെട്ടപ്പോൾ അവർ പറഞ്ഞു: ഒരിക്കൽ നബി(സ)യുടെ സമീപത്തുകൂടി ഒരു ജനാസ കൊണ്ടുപോയപ്പോൾ അവിടന്ന് ആദരവോടെ എഴുന്നേറ്റുനിന്നു. ഇത് ഒരു യഹൂദിയുടെ ജനാസയാണെന്ന് പറയപ്പെട്ടു. അത് കേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു. ***അലയ് സത്ത് നഫ്സ*** അദ്ദേഹം മനുഷ്യനല്ലേ?

മറ്റു മതങ്ങളേയും ഈ രീതിയിലാണ് നബി (സ) ആദരിച്ചിരുന്നത്. ഇത്തരം പ്രകടനങ്ങളിൽ

നിന്നും മാതൃകകളിൽനിന്നുമാണ് സഹിഷ്ണുതയുടെ അന്തരീക്ഷം പൊട്ടിമുളക്കുന്നത്. ഇതുതന്നെയാണ് പരസ്പരം മൃദുലതയോടെ പെരുമാറാനുള്ള അവസരമുണ്ടാക്കുന്നത്. ഈ വികാരത്തിൽനിന്നുതന്നെയാണ് സ്നേഹത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷം ഉണ്ടാകുന്നത്. അല്ലാതെ ഇന്നത്തെ ഭൗതികവാദികളുടെ പ്രവർത്തനങ്ങൾ പോലെയല്ല. അത് വെറുപ്പിന്റെ അന്തരീക്ഷം സൃഷ്ടിക്കുമെന്നല്ലാതെ മറ്റൊന്നും ഉണ്ടാക്കുകയില്ല.

നിവേദനത്തിൽ വന്നിരിക്കുന്നു. ഖൈബർ വിജയാവസരത്തിൽ തൗറാത്തിന്റെ ചില ഏടുകൾ മുസ്‌ലിംകൾക്ക് കിട്ടി. യഹൂദികൾ നബിതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. പരിശുദ്ധ ഗ്രന്ഥം തിരിച്ചുതരാൻ അവർ ആവശ്യപ്പെട്ടു. അവരുടെ മതഗ്രന്ഥം അവർക്ക് തിരിച്ചുകൊടുക്കാൻ നബി(സ) തിരുമേനി കല്പിച്ചു. യഹൂദരുടെ തെറ്റായ നയം കാരണം അവർക്ക് ശിക്ഷ ലഭിക്കുന്ന ഘട്ടത്തിലായിരുന്നു ഇതെന്ന കാര്യം ഓർക്കുക. ശത്രുവിന്റെ പോലും മതവികാരത്തെ വ്രണപ്പെടുത്തുന്നത് അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല.

ഒറ്റപ്പെട്ട ചില സംഭവങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. മദീനയിൽ ഉണ്ടാക്കിയ ചില ഉടമ്പടിയെ സംബന്ധിച്ചും ഞാൻ പറഞ്ഞു. ആ ഉടമ്പടിയനുസരിച്ചുള്ള പ്രവർത്തനത്തെക്കുറിച്ച് ഞാൻ പറയാം. അതായത്, എങ്ങനെയാണ് അവിടന്ന് സഹിഷ്ണുതയോടെ പെരുമാറിയതെന്ന്. മദീനയിലെത്തിയതിനുശേഷം യഹൂദികളുമായി അവിടന്ന് ഉടമ്പടി ചെയ്തു. അതിലെ ചില നിബന്ധനകൾ താഴെ പറയുംപ്രകാരമായിരുന്നു. "മുസ്‌ലിംകളും യഹൂദികളും പരസ്പരം അനുകമ്പയോടും ആത്മാർത്ഥതയോടുംകൂടി ജീവിക്കുന്നതാണ്. ഒരുകൂട്ടർ മറ്റേകൂട്ടർക്കെതിരെ ബലാൽക്കാരത്തോടും അതിക്രമത്തോടുംകൂടി പെരുമാറുകയില്ല.

ഇങ്ങനെയായിട്ടും യഹൂദികളെപ്പോഴും ഈ ഉടമ്പടി ലംഘിച്ചുകൊണ്ടിരുന്നു. എന്നാൽ, അവിടന്ന് അവരോട് നല്ലരീതിയിൽ തന്നെയാണ് പെരുമാറിയിരുന്നത്. അവസാനം അവരുടെ എതിർപ്രവർത്തനം മൂർദ്ധന്യാവസ്ഥലെത്തിയപ്പോൾ നബി(സ) തിരുമേനിക്ക് അവർക്കെതിരെ നടപടി സ്വീകരിക്കേണ്ടിവന്നു. രണ്ടാമത്തെ നിബന്ധന എല്ലാ മതങ്ങൾക്കും പ്രവർത്തനസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നതായിരുന്നു. മുസ്‌ലിംകൾ ഭൂരിപക്ഷമാണെങ്കിൽതന്നെയും നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ സ്വതന്ത്രരാണ്. മൂന്നാമത്തെ നിബന്ധന എല്ലാ ദേശവാസികളുടെ ജീവനും സ്വത്തും സുരക്ഷിതമായിരിക്കുമെന്നതായിരുന്നു. അവയെ മാനിക്കുന്നതാണ്; കുറ്റവാളികളൊഴികെ. കുറ്റവാളി മുസൽമാനാണെങ്കിലും അമുസ്ലിമാണെങ്കിലും ശിക്ഷ ലഭിക്കുമെന്നതിൽ സംശയമില്ല. മറ്റുള്ളവരെ സംരക്ഷിക്കേണ്ടത് എല്ലാവരുടേയും ബാധ്യതയാണ്. ഭരണകൂടത്തിന്റെ പ്രവർത്തിയാണ്. എല്ലാ അഭിപ്രായഭിന്നതകളും പ്രശ്നങ്ങളും നബി(സ) തിരുമേനിയുടെ മുമ്പിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ വിധികളും ദൈവകല്പനകളനുസരിച്ചായിരിക്കും പുറപ്പെടുവിക്കുക. ദൈവകല്പന എന്നതിന്റെ നിർവചനം ഓരോ ജനതയുടേയും ന്യായപ്രമാണമനുസരിച്ചായിരിക്കും വിധി പറയുക എന്നതാണ്. വിധിക്കായി കേസുകൾ നബി(സ)യുടെ മുമ്പിൽ സമർപ്പിക്കേണ്ടതാണ്. കാരണം അക്കാലത്തെ ഭരണകൂടത്തിന്റെ ഉന്നതാധികാരി അവിടന്നായിരുന്നു.

കുറ്റവാളികളായ യഹൂദികളുടെ വിധി അവരുടെ ന്യായപ്രമാണമനുസരിച്ചുണ്ടായതിന്റെ അടിസ്ഥാനത്തിലാണ്, ഇന്ന് ക്രിസ്ത്യാനികളും എതിരാളികളും അക്രമമാണ് ചെയ്തതെന്ന് പറഞ്ഞ് നബി(സ)യെ ആക്ഷേപിക്കുന്നത്. വാസ്തവത്തിൽ അവരുടെ ദൈവഗ്രന്ഥം അവർ ചെയ്ത കുറ്റകൃത്യത്തിന് എന്തു ശിക്ഷയാണോ വിധിച്ചിട്ടുള്ളത് അതാണ് നബി(സ) തിരുമേനി വിധിച്ചത്.

മറ്റൊരു നിബന്ധന നബി(സ) തിരുമേനിയുടെ അനുവാദമില്ലാതെ ആരും യുദ്ധത്തിന് പോകാൻ പാടില്ല എന്നതായിരുന്നു. അതുകൊണ്ട് ഒരു ഭരണകൂടത്തിൻകീഴെ നില്ക്കുമ്പോൾ ആ ഭരണകൂടത്തെ അനുസരിക്കേണ്ടത് നിർബന്ധമാണ്. ഈ നിബന്ധന ഇക്കാലത്തെ ജിഹാദീ സംഘങ്ങൾക്കും വഴികാട്ടിയാണ്. ഏതൊരു ഭരണകൂടത്തിൻ കീഴിലാണോ വസിക്കുന്നത് അതിന്റെ അനുവാദം കൂടാതെ ഒരുതരത്തിലുള്ള ജിഹാദും ചെയ്യാൻ പാടില്ല; സർക്കാരിന്റെ സൈന്യത്തിൽ ചേരുകയും, സർക്കാരോ രാഷ്ട്രങ്ങളോ തമ്മിൽ യുദ്ധം ചെയ്യുകയും ചെയ്താലൊഴികെ.

പിന്നീടുണ്ടായ ഒരു നിബന്ധന മുസ്‌ലിംകൾക്കോ യഹൂദികൾക്കോ എതിരെ ഏതെങ്കിലും ജനത യുദ്ധം ചെയ്യുകയാണെങ്കിൽ അവർ പരസ്പരം സഹായിക്കാൻ തയ്യാറായിരിക്കുമെന്നതാണ്. അതായത് യഹൂദികൾക്കെതിരിലോ മുസ്‌ലിംകൾക്കെതിരിലോ യുദ്ധം ചെയ്താൽ ഒരുകൂട്ടർ മറ്റൊരു കൂട്ടരെ സഹായിക്കുന്നതാണ്. എതിർകക്ഷിയിൽനിന്ന് എന്തെങ്കിലും ഫലം കിട്ടിയാൽ അത് രണ്ടുകൂട്ടരും പ്രയോജനപ്പെടുത്തുന്നതാണ്.

മദീനയുടെമേൽ ആക്രമണമുണ്ടായാൽ, എല്ലാവരും ഐക്യത്തിൽ വർത്തിക്കണം. മക്കയിലെ ഖുറയ്ശികൾക്ക് ഒരുതരത്തിലുള്ള സഹായമോ അഭയമോ നല്കാൻ പാടില്ല എന്നതായിരുന്നു മറ്റൊരു നിബന്ധന. കാരണം ഈ എതിരാളികൾ തന്നെയാണ് മക്കയിൽനിന്ന് മുസ്ലിംകളെ പുറത്താക്കിയത്. അങ്ങനെ മുസ്ലിംകൾ ഇവിടെ വന്ന് അഭയം തേടി. അതുകൊണ്ട് ശത്രുസമൂഹവുമായി ഒരുതരത്തിലുള്ള ബന്ധവും പാടില്ല.

ജൂതന്മാർ അവരുടെ സംഘടനകളുടെയും മുസ്ലിംകൾ അവരുടെ സംഘടനകളുടേയും ചെലവുകൾ സ്വയം വഹിച്ചുകൊള്ളണം. എന്നാൽ, അന്യായം ചെയ്യപ്പെട്ട ഒരു വ്യക്തിക്ക് പ്രതിക്രിയ ചെയ്യാനുള്ള വ്യക്തിപരമായ അവകാശത്തെ ഇത് ബാധിക്കുകയില്ല. അതായത് മുസ്ലിമാണെങ്കിലും അല്ലെങ്കിലും കുറ്റം ചെയ്താൽ ശിക്ഷ കിട്ടുന്നതാണ്.

ഈ മതസഹിഷ്ണുതയും സ്വാതന്ത്ര്യം നിലനിറുത്തുന്നതിനുമായി അവിടന്ന് നജ്റാനിൽനിന്നു വന്ന ക്രിസ്ത്യൻ സംഘത്തിന് മസ്ജിദ് നബവിയിൽ ആരാധന നടത്താൻ അനുവാദം നല്കി. അവർ കിഴക്കോട്ടു തിരിഞ്ഞുനിന്ന് ആരാധന നടത്തി. അങ്ങനെ ചെയ്യാൻ പാടില്ല എന്നാണ് സ്വഹാബത്ത് ധരിച്ചിരുന്നത്.

നജ്റാനിൽനിന്ന് വന്ന സംഘത്തിന് അവിടന്ന് നല്കിയ ഭൗതികപ്രവർത്തനങ്ങൾക്കുള്ള കർമ്മപുസ്തകത്തെകുറിച്ചും നമുക്ക് അറിവു ലഭിക്കുന്നുണ്ട്. അതിൽ അവിടന്ന് അവരുടെ ഉത്തരവാദിത്തം ഏറ്റെടുത്തു. മുസ്ലിം സൈന്യം മുഖേന രാജ്യത്തിനുള്ളിൽ വന്ന നജ്റാനിലെ ക്രിസ്ത്യാനികളുടെ അതിർത്തി സംരക്ഷണം ഏറ്റെടുക്കുമെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു. അവരുടെ പള്ളികളും ആരാധനാലയങ്ങളും സത്രങ്ങളും അത് എത്ര ദൂരസ്ഥലത്താണെങ്കിലും പട്ടണങ്ങളിലോ പർവ്വതങ്ങളിലോ വനങ്ങളിലോ എവിടെയാണെങ്കിലും അതിനെ സംരക്ഷിക്കേണ്ട ബാധ്യത മുസ്ലിംകൾക്കാണ്. അവർക്ക് അവരുടെ മതനിയമമനുസരിച്ച് ആരാധനാകർമ്മങ്ങളനുഷ്ഠിക്കാൻ അനുവാദമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അവരുടെ സംരക്ഷണവും മുസ്ലിംകൾക്ക് നിർബന്ധമാണ്. കാരണം ഇവർ മുസ്ലിം ഭരണകൂടത്തിന്റെ പ്രജകളാണ്. അതുകൊണ്ട് ഇക്കാരണത്താലും അവരുടെ സംരക്ഷണം തനിക്ക് നിർബന്ധമാണെന്ന് നബി(സ) പറഞ്ഞു.

അതുപോലെ മുസ്ലിംകൾ അവരെ അതായത് ക്രിസ്ത്യാനികളെ അവരുടെ ഇഷ്ടം കൂടാതെ യുദ്ധനടപടികളിൽ പങ്കെടുപ്പിക്കാൻ പാടില്ല. അവരുടെ പാതിരി അല്ലെങ്കിൽ മതനേതാവ് സ്ഥാനഭ്രഷ്ഠനാക്കപ്പെടുകയില്ല. അതുപോലെതന്നെ അവരുടെ പ്രവർത്തനം തുടർന്നും അവർക്ക് നടത്താവുന്നതാണ്. അവരുടെ ആരാധനാലയങ്ങളിൽ യാതൊരുവിധ കൈകടത്തലുകളും പാടില്ല. അതൊരിക്കലും പിടിച്ചെടുക്കുകയോ സത്രമാക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യത്തിന് വിനിയോഗിക്കുകയോ ചെയ്യാൻ പാടില്ല. മതപണ്ഡിതന്മാരിൽനിന്ന് ജിസ്യ വാങ്ങാനും പാടില്ല. ഏതെങ്കിലും മുസ്ലിമിന്റെ ഭാര്യ ക്രിസ്ത്യാനിയാണെങ്കിൽ അവർക്ക് പരിപൂർണമായ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. അവർ പള്ളിയിൽ പോകുന്നതോ സംശയം ചോദിക്കാൻ തങ്ങളുടെ പാതിരിയുടെ അടുത്ത് പോകുന്നതോ തടയുകയില്ല. പള്ളികൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് മുസ്ലിംകളിൽനിന്ന് സഹായം തേടിയാൽ അത് മുസ്ലിംകൾ നല്കേണ്ടതാണ്. അത് കടമോ ഔദാര്യമോ ആവുകയില്ല. ഇത്തരം പ്രവർത്തികൾ ഉടമ്പടികൾ പാലിക്കാൻ നല്ല അവസരം ഉണ്ടാക്കുന്നതാണ്.

ഇതായിരുന്നു മതസ്വാതന്ത്ര്യവും സഹിഷ്ണുതയും സ്ഥാപിക്കാൻ വേണ്ടിയുള്ള നബിതിരുമേനിയുടെ പ്രവർത്തനം. ഇങ്ങനെയൊക്കെയായിട്ടും നബി(സ) തിരുമേനി വാളുകൊണ്ടാണ് ഇസ്ലാം പ്രചരിപ്പിച്ചതെന്ന് ആക്ഷേപമുന്നയിക്കുന്നത് അങ്ങേയറ്റം അക്രമപരമായ പ്രവർത്തിയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഗ്രന്ഥാനുസാരികളും അറേബ്യയിലെ ഭൗതികവിശ്വാസികളും അങ്ങേയറ്റം ദുർവൃത്തരായിത്തീരുകയും തിന്മ ചെയ്തുകൊണ്ട് തങ്ങൾ നന്മയാണ് ചെയ്തതെന്ന് കരുതുകയും കുറ്റകൃത്യങ്ങളിൽനിന്ന് പിന്മാറാതിരിക്കുകയും പൊതുപ്രവർത്തനങ്ങളിൽ വിള്ളലുണ്ടാക്കുകയും ചെയ്തപ്പോൾ അല്ലാഹു, തന്റെ നബിയുടെ കൈയിൽ ഭരണമേല്പിച്ചുകൊണ്ട് അവരുടെ കൈയിൽനിന്ന് പാവപ്പെട്ടവരെ രക്ഷിക്കണമെന്ന് ആഗ്രഹിച്ചു. അറേബ്യൻ രാജ്യം സ്വതന്ത്രമായിരുന്നു. ഒരു രാജാവിന്റേയും കീഴിലായിരുന്നില്ല അത്. അതുകൊണ്ട് ഓരോ കക്ഷിയും അങ്ങേയറ്റം തന്റേടത്തോടും കടിഞ്ഞാണില്ലാതെയും ജീവിതം കഴിച്ചുപോന്നു. അവരെ ശിക്ഷിക്കുന്നതിന് ഒരു നിയമവുമുണ്ടായില്ല. അതുകൊണ്ട് അവർ നിത്യവും കുറ്റകൃത്യങ്ങളിൽ വളർന്നുകൊണ്ടിരുന്നു. അല്ലാഹു ഈ രാജ്യത്തിനുമേൽ കരുണ ചൊരിഞ്ഞ് നബി(സ) തിരുമേനിയെ ഈ രാജ്യത്തിനായി റസൂലാക്കി അയച്ചു എന്ന് മാത്രമല്ല ആ രാജ്യത്തിന്റെ രാജാവുമാക്കി.

വിശുദ്ധഖുർആനെ പരിപൂർണമായ നിയമഗ്രന്ഥവുമാക്കി. അതിൽ സിവിൽനിയമങ്ങളും ക്രിമിനൽ നിയമങ്ങളും സാമ്പത്തികനിയമങ്ങളുമെല്ലാമുണ്ട്. അതുകൊണ്ട് നബി(സ) തിരുമേനി ഒരു രാജാവെന്ന നിലയിൽ എല്ലാ കക്ഷികൾക്കും വിധികർത്താവായിരുന്നു. ഓരോ മതങ്ങളുടേയും ആളുകൾ അവരുടെ കേസുകൾ നബിയെക്കൊണ്ടാണ് വിധി പറയിച്ചിരുന്നത്. ഒരിക്കൽ ഒരു മുസൽമാനും യഹൂദിയും തങ്ങളുടെ പരാതിയുമായി നബിയുടെ അടുക്കൽ വന്നു. അവിടന്ന് അന്വേഷണത്തിനുശേഷം മുസ്‌ലിമിന്നെതിരിൽ വിധി പുറപ്പെടുവിച്ചു. എന്നാൽ, ചില അജ്ഞരായ എതിരാളികൾ വിശുദ്ധഖുർആൻ ചിന്തിച്ചു പാരായണം ചെയ്യുന്നില്ല. അവർ എല്ലാ കാര്യങ്ങളും നബിതിരുമേനിയുടെ പ്രവാചകത്വത്തിനു കീഴിലാണ് കൊണ്ടുവരുന്നത്. വാസ്തവത്തിൽ അത്തരം ശിക്ഷകളും വിധികളും നൽകിയിരുന്നത് ഒരു രാജാവെന്ന നിലയ്ക്കായിരുന്നു. അതായത് അവ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളിൽപെട്ടതായിരുന്നു. വീണ്ടും പറയുന്നു. ബനു ഇസ്റായീലിൽ മൂസാ നബിക്കുശേഷം നബിയും രാജാവും വെവ്വേറെയായിരുന്നു. രാഷ്ട്രീയപരമായ നിലയിൽ സമാധാനം നിലനിർത്തിയിരുന്നത് രാജാക്കന്മാരായിരുന്നു. എന്നാൽ നബി തിരുമേനിയുടെ കാലത്ത് ഈ രണ്ട് സ്ഥാനവും അല്ലാഹു നബിതിരുമേനിക്കുതന്നെ നല്കി. ഇതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു. ***വ ഖുൽല്ലില്ലദീന ഊത്തുൽകിതാബ വൽഉമ്മിയ്യീന അ അസ്‌ലംതും ഫ ഇൻ അസ്‌ലമൂ ഫഖദിഹ്തദവ് വഇൻതവല്ലവ് ഫഇന്നമാ അലയ്ക്കൽബലാഗ്*** (3:21)

ഗ്രന്ഥം നല്കപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങളും അല്ലാഹുവിന് സ്വയം അർപ്പണം ചെയ്യുന്നുണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്തുവെങ്കിൽ അവർ നേർമാർഗ്ഗം പ്രാപിച്ചു. ഇനി അവർ പിന്തിരിഞ്ഞുകളയുന്നതായാൽ ദൈവകല്പന എത്തിക്കുക എന്നതു മാത്രമാണ് നിനക്കുള്ള ബാധ്യത.

ഇതിൽ അവരോട് യുദ്ധം ചെയ്യുക എന്ന് എവിടേയും എഴുതിയിട്ടില്ല. ഇതിൽനിന്ന് കുറ്റവാളികളിൽ നിന്നുള്ള രക്ഷക്കുവേണ്ടി മാത്രമാണ് യുദ്ധം എന്ന് വ്യക്തമാണ്. അവർ മുസ്‌ലിംകളെ വധിക്കുകയോ പൊതുകാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കുകയോ ചെയ്തിരുന്നു. മോഷണങ്ങളിലും കൊള്ളയിലും മുഴുകിയിരുന്നു. അവരോട് ചെയ്ത യുദ്ധം ഒരു രാജാവ് എന്ന നിലയിലായിരുന്നു. അല്ലാതെ നബി എന്ന നിലയിലായിരുന്നില്ല. അതായത്, ഭരണകൂടത്തിലെ ഉന്നതാധികാരിയായതുകൊണ്ടാണ് യുദ്ധം ചെയ്തത്. നബിയായതുകൊണ്ടല്ല. അല്ലാഹു പറയുന്നു: ***വ ഖാതിലു ഫീ സബീലില്ലാഹില്ലദീന യുഖാത്തിലൂനക്കും വലാ തഅ്തദൂ ഇന്നല്ലാഹ ലാ യുഹിബ്ബുൽ മുഅ്തദീൻ.*** (*2:191*)

നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ.

ഏതൊരു പരിശുദ്ധനബിക്കാണോ ഈ ന്യായപ്രമാണം ഇറങ്ങിയത് ആ നബി എങ്ങനെയാണ് ഇതിന്നെതിരിൽ പ്രവർത്തിക്കുക. നബി(സ) തിരുമേനി മക്കാ വിജയത്തിന്റെ അവസരത്തിൽ എല്ലാവർക്കും പൊതുമാപ്പ് നല്കി. മുസ്‌ലിമായെങ്കിലേ മാപ്പ് കൊടുക്കുകയുള്ളൂ എന്ന് പറഞ്ഞില്ല. ഇസ്‌ലാം നിർബന്ധമായും സ്വീകരിക്കുക, എന്നാൽ മാപ്പ് തരാമെന്നും പറഞ്ഞില്ല. പറഞ്ഞത് ***ലാ തഥ്‌രീബ അലയ്ക്കുമുൽയൗം***. പോവുക. ഇനി നിങ്ങളുടെമേൽ ഒരു കുറ്റാരോപണവുമില്ല എന്നായിരുന്നു.

ആ നബിയുടെമേൽ ആയിരോപി ആയിരം സലാമും സ്വലാത്തും ഉണ്ടാകുമാറാകട്ടെ. അവിടന്ന് ഈ ഉന്നതമായ മാതൃക സ്ഥാപിക്കുകയും അത് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അല്ലാഹു അതിൽ അടിയുറച്ചുനില്ക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 10.3.2006 at Baitul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9446656123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala